# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *707 — 02.11.2011 - ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളി മേഖലയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മാത്യു.റ്റി.തോമസ്<br>ശ്രീ. സി.കെ.നാണു<br>ശ്രീ.ജോസ് തെറ്റയിൽ<br>ശ്രീമതി.ജമീലാ പ്രകാശം | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ ആദിവാസി മേഖല കഴിഞ്ഞാൽ വിദ്യാഭ്യാസപരമായും സാമൂഹികപരമായും ഏറ്റവും പിന്നിൽ നിൽക്കുന്നത് മത്സ്യത്തൊഴിലാളികളാണെന്നുള്ള സംസ്ഥാന പിന്നോക്ക വിഭാഗ സമിതിയുടെ വിലയിരുത്തൽ വിദ്യാഭ്യാസ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ പ്രസ്തുത മേഖലകളിൽ പ്രത്യേകമായി വിദ്യാലയങ്ങൾ അനുവദിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;<br><br>(സി) ഇതിൻപ്രകാരം പുതുതായി എവിടെയെല്ലാം വിദ്യാലയങ്ങൾ അനുവദിക്കാനാണ് ഉദ്ദേശിക്കുന്നത്? | **(ബി) യും (സി)യും**<br>മത്സ്യത്തൊഴിലാളി മേഖലയിൽ മത്സ്യത്തൊഴിലാളികൾക്ക് മാത്രമായി സർക്കാർ ഫിഷറീസ് സ്കൂളുകൾ അനുവദിച്ചിട്ടുണ്ട്. വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചു മാത്രമേ പുതിയ സ്കൂളുകൾ അനുവദിക്കുന്നതു സംബന്ധിച്ച് തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ

## വിശദീകരണക്കുറിപ്പ്

വിദ്യാഭ്യാസപരമായും സാമൂഹിക പരമായും മത്സ്യത്തൊഴിലാളികൾ പിന്നോക്കം നിൽക്കുന്നു എന്ന് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മുൻകാലങ്ങളിൽ ഈ വിഭാഗങ്ങൾക്കു മാത്രം പ്രത്യേകം ഫിഷറീസ് സ്കൂളുകൾ ഗവൺമെന്റ് അനുവദിച്ചിട്ടുണ്ട്. പുതുതായി സ്കൂളുകൾ അനുവദിക്കുന്നതു സംബന്ധിച്ച് സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടില്ല. വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചു മാത്രമേ പുതിയ സ്കൂളുകൾ അനുവദിക്കുന്ന കാര്യത്തിൽ തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ. വിദ്യാഭ്യാസ അവകാശ നിയമ പ്രകാരം പുതിയ സ്കൂളുകൾ തുടങ്ങുന്നതിന് ഓരോ പ്രദേശത്തിന്റെയും വിദ്യാഭ്യാസ ആവശ്യകതയും വിദ്യാലയങ്ങളുടെ ലഭ്യതയും കണക്കിലെടുക്കേണ്ടതുണ്ട്. വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളി മേഖലയിൽ പുതിയ സ്കൂളുകൾ അനുവദിക്കണമെന്ന ആവശ്യവും വിദ്യാഭ്യാസ അവകാശ നിയമപ്രകാരം പരിശോധിക്കേണ്ടതുണ്ട്.

സെക്ഷൻ ഓഫീസർ